"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുബശ്രീ - ജീവനക്കാര്യം - ശ്രീമതി.ഷമീന.ജെ.എസ്-ന്റെ (ജൂനിയർ സൂപ്രണ്ട്, പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത്, മലപ്പുറം) - കുടുംബശ്രീ സംസ്ഥാന മിഷനിലെ ഓഫീസ് സെക്രട്ടേറിയറ്റ് സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1449/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/08/2020

---

പരാമർശം:- 1 10/05/2013-ലെ 42/2013/ധന നം. സർക്കുലർ

2 28/11/2013-ലെ സ.ഉ.(സാധാ)നം.580/2013/ധന

3 02/02/2016-ലെ സ.ഉ.(സാധാ)നം.1017/2016/തസ്വഭവ

4 16/11/2017-ലെ സ.ഉ.(സാധാ)നം.3694/2017/തസ്വഭവ

5 30/05/2018-ലെ സ.ഉ.(സാധാ)നം.1480/2018/തസ്വഭവ

6 23/07/2019-ലെ സ.ഉ.(സാധാ)നം.1546/2019/തസ്വഭവ

7. കുടുംബശ്രീ ഡയറക്ടർ(എ&എഫ്)-ടെ 04/03/2020-ലെ 2992/ഇ1/2016/കെഎസ്എച്ച്ഒ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ആയ ശ്രീമതി.ഷമീന.ജെ.എസ്-നെ കുടുംബശ്രീ സംസ്ഥാന മിഷനിൽ ഓഫീസ് സെക്രട്ടേറിയറ്റ് സ്റ്റാഫ് തസ്തികയിൽ പരാമർശം (3) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും തുടർന്ന് പരാമർശം (4), (5), (6) എന്നീ ഉത്തരവുകൾ പ്രകാരം അന്യത്രസേവനകാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തു. ടിയാളുടെ അന്യത്രസേവനകാലാവധി 18/04/2020-ൽ അവസാനിച്ച സാഹചര്യത്തിൽ 19/04/2020 മുതൽ ഒരു വർഷത്തേയ്ക്കു കൂടി പ്രസ്തുത സേവനം ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (7) പ്രകാരം കുടുംബശ്രീ ഡയറക്ടർ(എ&എഫ്) അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ഷമീന.ജെ.എസ്-ന്റെ കുടുംബശ്രീ സംസ്ഥാന മിഷനിലെ ഓഫീസ് സെക്രട്ടേറിയറ്റ് സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലം കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 19/04/2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീമതി.ഷമീന.ജെ.എസ്.(പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എൽബിഎ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ